പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2045 — 26.03.2013-ൽ മറുപടിയ്ക്ക്

## വൈക്കം നിയോജക മണ്ഡലത്തിലെ കല്ലറ സബ്സ്റ്റേഷന്റെ നിർമ്മാണം.

| ചോദ്യം<br>ശ്രീ. കെ. അജിത് : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) വൈക്കം നിയോജക മണ്ഡലത്തിലെ കല്ലറ എന്ന സ്ഥലത്ത് സ്ഥാപിക്കുമെന്നറിയിച്ചിട്ടുള്ള 33 കെ. വി സബ്സ്റ്റേഷന്റെ പണികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) കല്ലറ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലേയ്ക്കായി കല്ലറ ഗ്രാമ- പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കല്ലറ വില്ലേജിൽ 581/1, 581/1/4 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 50 സെന്റ് സ്ഥലം കെ.എസ്.ഇ.ബി. 16.11.2012 ലെ വിലയാധാര പ്രകാരം 8,12,315/- രൂപയ്ക്ക് വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. ചുറ്റുമതിൽ ഉൾപ്പെടെയുള്ള സബ്സ്റ്റേഷനിലെ അനുബന്ധ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം എന്ന് തുടങ്ങാനാവുമെന്ന് വ്യക്തമാക്കുമോ ; | (ബി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ സാധിക്കും. |
| (സി) പ്രസ്തുത സബ് സ്റ്റേഷന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും അറിയിക്കുമോ ; | (സി) ഉദ്ദേശം 440 ലക്ഷം രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് ഒരു വർഷത്തിനകം സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. |
| (ഡി) പ്രസ്തുത മേഖലയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലറ 33 കെ.വി സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാകുന്നതോടെ പ്രസ്തുത മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ.